"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. സിദ്ദീഖ് കെ. (PEN: 581401), ഡെപ്യൂട്ടി ഡയറക്ടർ-ടെ പ്രൊബേഷൻ - പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2209/2024/LSGD തീയതി,തിരുവനന്തപുരം, 14-11-2024

പരാമർശം:-

1. സ.ഉ (സാധാ) നം 82/2023/തസ്വഭവ തിയതി 11.01.2023
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.09.2024, 02/10/2024 തീയതികളിലെ LSGD/PD/10097/2024-DEH2 നം കത്തുകൾ

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ.സിദ്ദീഖ്-കെ.-യുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ, പരാമർശം (2) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. ശ്രീ.സിദ്ദീഖ്.കെ. 16.01.2023 ന് പൂർവ്വാഹ്നത്തിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണെന്നും ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലായെന്നും, ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും, പ്രൊബേഷൻ കാലയളവിൽ ടിയാൻ 10.03.2023 മുതൽ 13.03.2023 വരെ (Prefix 4+Suffix 3) ആകെ 10 ദിവസം പരിവർത്തിതാവധിയിലായിരുന്നതിനാൽ 26/07/2023-ൽ ടിയാൻ പ്രൊബേഷൻ കാലം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും, ആയതിനാൽ ശ്രീ.സിദ്ദീഖ്.കെ-യുടെ പ്രൊബേഷൻ 27/07/2023 തിയതി പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സിദ്ദീഖ്.കെ-യുടെ (PEN:581401) പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കെഎസ്&എസ്എസ് ആർ, ഭാഗം 2, ചട്ടം 20(b) വ്യവസ്ഥകൾക്ക് വിധേയമായി 27/07/2023 തിയതി പ്രാബല്യത്തിൽ, തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ സിദ്ദീഖ് കെ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
തദ്ദേശ സ്വയം ഭരണ വകുപ്പ്, തൃശ്ശൂർ
(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/
തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/303/2024-തസ്വഭവ നം ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 14-11-2024 16:38:30
സെക്ഷൻ ഓഫീസർ